മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: കൊച്ചി ഗവൺമെണ്ടിന്റെ നിലങ്ങൾക്കു വെള്ളം കൊടുക്കുന്നമാതിരി ബ്രിട്ടീഷിലെ നിലങ്ങൾക്കും വെള്ളം കൊടുക്കണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ചില കാലങ്ങളിൽ വെള്ളമില്ലാതെ വരുമ്പോൾ, നമുക്കുകൂടി മതിയാകാതിരിക്കുമ്പോൾ കൊടുക്കണമെന്നുണ്ടോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: കരാറപ്രകാരമുള്ള വെള്ളം കൊടുക്കുന്ന കാര്യത്തിൽ യാതൊരു വ്യത്യാസവും ചെയ്യുവാൻ പാടില്ല. ഇക്കൊല്ലം വെള്ളം കുറവുള്ള ഒരു കാലമാണു്. ഉള്ളവെള്ളംകൊണ്ടു എല്ലാദിക്കിലേക്കും കൊടുക്കും.

മിസ്റ്റർ എൻ. വി. സുബ്ബ്രായൻ ചെട്ടിയാർ: വെള്ളത്തിനു സ്ലുയേഴ്സിറി വരുമ്പോൾ ടേംസ്സ് വെക്കാറില്ലേ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഉവ്വ്.

22. മിസ്റ്റർ സി. കെ. നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സഭയം മറുപടി പറയുമോ.—

(എ) കൃഷിയാവശ്യാർത്ഥം കൊച്ചിയിൽനിന്നു വിട്ടുകൊടുക്കുന്ന വെള്ളം ഉദ്ദിഷ്ടസ്ഥല ത്തെത്താനാവശ്യമായ ചാലുകൾ ബ്രിട്ടീഷിൽ പ്രത്യേകമായിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ വെള്ളം കൊണ്ടുപോകുന്നതു ഏതിലൂടെ ;

(സി) ഉണ്ടെങ്കിൽ ഈ ചാലുകളുടെ സംരക്ഷണാധികാരം ആരിൽ സ്ഥിതി ചെയ്യുന്നു ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: (എ) ഉണ്ടു്.

(ബി) ഉത്തരം ആവശ്യമില്ല.

(സി) പ്രധാന ചാലുകളുടെ സംരക്ഷണാധികാരം കൊച്ചി ഗവൺമെണ്ടിലും, ഈ ചാലു കളിൽനിന്നും വെള്ളം നിലങ്ങളിലേക്കു കൊണ്ടുപോകുന്നതിനു ഉപചാലുകൾ ആവശ്യമു ള്ളിടത്തു ആ വക ചാലുകളുടെ സംരക്ഷണാധികാരം ആരുടെ നിലത്തേക്കു കൊണ്ടുപോകു ന്നുവൊ ആ നിലമുടമസ്ഥനിലും സ്ഥിതിചെയ്യുന്നു.

മിസ്റ്റർ സി. കെ. നായർ: മെയിൻ ലയിനിൽനന്നു് എത്ര കൃഷിക്കു ചാലില്ലാത്ത സ്ഥലങ്ങളിൽക്കൂടി വെള്ളം കൊണ്ടുപോകുന്നുണ്ടു്; അങ്ങിനെ വെള്ളം കൊണ്ടുപോകുന്ന ഏ തെങ്കിലും ഒരു സ്ഥലമുണ്ടോ അവിടെ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഉവ്വ്.

മിസ്റ്റർ സി. കെ. നായർ: ആ കണ്ടങ്ങളെല്ലാം നിറഞ്ഞുവേണമല്ലോ മറവുള്ള നി ലങ്ങളിലേക്കു വെള്ളംകൊണ്ടുപോകുവാൻ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഉവ്വ്.

മിസ്റ്റർ സി. കെ. നായർ: ഈ കണ്ടങ്ങൾ നിറച്ചുകൊടുക്കുന്നതിനു നീറ്റുവാരം വാങ്ങാ റുണ്ടോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ചിലദിക്കുകളിൽ ഇങ്ങിനെയുള്ള ചില ബുദ്ധിമുട്ടുകളെല്ലാമുണ്ടു്. ആ ദിക്കുകളിലെല്ലാം ചാലുകൾ വെട്ടുവാനായിട്ടു് ആലോചിക്കു ന്നുണ്ടു്.

മിസ്റ്റർ സി. കെ. നായർ: അതു് ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽപെട്ടിട്ടു് എത്രകാ ലമായി ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: കുറെക്കാലമായി.

മിസ്റ്റർ എ. ഈച്ചരമേനോൻ: ഉപചാലുകളിൽക്കൂടി വെള്ളംകൊണ്ടുപോയി കൃഷി ചെയ്യുവരുന്നതു് കരാർപ്രകാരമുള്ള കൃഷികളാണോ ? അല്ലാത്തപക്ഷം അതിന്റെ നീറ്റുവാരം കൂടി ഗവൺമെണ്ടു വാങ്ങാത്തതിന്റെ കാരണമെന്താണു് ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: വെള്ളം കൊടുത്തുകൊള്ളാമെന്നു ചുമതല ഏറ്റുകഴിഞ്ഞാൽ പിന്നെ അതു കൊടുക്കാതിരിപ്പാൻ സാദ്ധ്യമല്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ: അതിനുള്ള നീറ്റുവാരം മര്യാദക്കു് അവരിൽനിന്നും വാ ങ്ങണം.

മിസ്റ്റർ ടി. എസ്സ്. രാമചന്ദ്രയ്യർ: ബ്രിട്ടീഷിലെ നിലങ്ങൾ തൊട്ടുതൊട്ടു കിടക്കുക യാണോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ജനറലായിട്ട് ചോദിച്ചാൽ പറയുവാൻ പ്രയാസമാണ്. ചില സ്ഥലങ്ങളിൽ തൊട്ടും ചില സ്ഥലങ്ങളിൽ തൊടാതെയും കിടക്കും.

മിസ്റ്റർ സി. കെ. നായർ: നമ്മുടെ വെള്ളം ഉപയോഗിച്ചും നീവ്വാരം തരാത്ത പല നിലങ്ങളും ബ്രിട്ടീഷിൽ ഉണ്ട്. അതു ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അവക്ക് പ്രത്യേകമായിട്ട വെള്ളം കൊടുത്തില്ലെങ്കിലും ഉറവുവെള്ളംകൊണ്ടും നനക്കുവാൻ സാധിക്കും.

മിസ്റ്റർ സി. കെ. നായർ: കൊച്ചി സംസ്ഥാനങ്ങളിൽ ഇങ്ങിനെ നനക്കുന്ന നിലങ്ങളിൽനിന്നു നിബ്ബന്ധമായിട്ട് നീവ്വാരം പിരിക്കുന്നില്ലേ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: കൊച്ചിയിലെ ഭൂമിക്കും ബ്രിട്ടീഷിലെ ഭൂമിക്കും സ്ഥലകാലങ്ങളിൽ കുറെ വ്യത്യാസമുണ്ട്. അതു നമ്മുടെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽതന്നെയുണ്ട്.

മിസ്റ്റർ ടി. എസ്സ്. രാമചന്ദ്രയ്യർ: നിയമത്തിനുവിരോധമായി അവകാശമില്ലാത്ത നിലങ്ങളിൽ വെള്ളം എടുക്കുന്ന ബ്രിട്ടീഷ് ഭൂമികളിൽനിന്നു നീവ്വാരം പിരിക്കുവാനുള്ള കത്തിടപാടു നടത്തുവാൻ ഗവമ്മെണ്ട് ആലോചിക്കുന്നുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഈ ചോദ്യങ്ങളെപ്പറ്റിയെല്ലാം ആലോചിക്കാം.

ATTACHMENT OF SALARIES OF OFFICERS EMPLOYED IN THE COCHIN HARBOUR

23. Mr. C. V. Iyyu *(Kunnamkulam)*: Will Government be pleased to state.—

(*a*) whether attachments are issued on the salaries of officers serving in the Cochin Harbour and attached offices from the Civil Courts in British Cochin and other Civil Courts in British India and Travancore without the knowledge of the District Court of Anjikaimal;

(*b*) if so, why?

Mr. M. Sivarama Menon *(Advocate-General)*:

(*a*) No.

(*b*) Does not arise.

Mr. C. V. Iyyu *(Kunnamkulam)*: May I know whether the Government will be pleased to enquire whether the Harbour authorities have been on receiving D. O.s from the British Cochin Sub-courts reducing the salaries given to to their subordinates without a regular attachment from our Courts?

Mr. M. Sivarama Menon *(Advocate-General)*: When information was gathered on this question a report was received that no attachment orders have been received direct by the Port Authorities.

Mr. C. V. Iyyu *(Kunnamkulam)*: May I know whether on an unofficial correspondence from British Cochin Court requesting the Harbour Authorities to get the amount from the officers concerned, the Harbour Authorities reduce a portion of the pay of the Harbour employees and remit the amount to the Court?

Mr. M. Sivarama Menon *(Advocate-General)*: They cannot do it under law unless the party agrees. The party affected is the judgment debtor. But do not think that the A. O. will do anything contrary to law and no complaint from any judgment debtor has been received.

UNIFORMS FOR POLICEMEN—SUPPLY OF

24. Mr. A. V. Moothedan *(Chalakkudi)*: Will Government be pleased to state.—

(*a*) whether tenders were called for the supply of uniforms to the policemen in the State;

(*b*) what were the terms of the contract for the supply of these uniforms;

(*c*) are Government aware that the colour of the uniforms have become very pale?

Khan Sahib Y. Muhammad Roshan Sahib Bahadur *(Commissioner of Police)*:

(*a*) Yes.

(*b*) The terms of the contract are as per details furnished in the tender notification published in the Government Gazette.

(*c*) Yes. The prescribed Khaki could not be had in the market and hence the best available Khaki was allowed to be used for the uniforms.

LIBRARY ARCHIVES Kerala Legislative Assembly